# ദുരന്തമുഖത്ത്



ഭൂകമ്പവും കടൽക്ഷോഭവും കശക്കിയെറിഞ്ഞ ശ്രീലങ്കൻ പട്ടണമായ ലുണാവയിലെ തീരദേശ റെയിൽപ്പാത -എ.എഫ്.പി.




കൊല്ലത്ത് തിരുമുല്ലവാരം ക്ഷേത്രക്കുളത്തിന്റെ മതിൽ തകർത്ത് കടൽ കയറുന്നു

## പതിനായിരം ആറ്റംബോംബിന്റെ സംഹാരശേഷി



ചെന്നൈയിൽ ദുരന്തത്തിൽ മരിച്ച കുട്ടികളുടെ മൃതദേഹത്തിനരികെ അലമുറയിടുന്ന വൃദ്ധ -പി.ടി.ഐ.

ഇന്ത്യയും ശ്രീലങ്കയുമുൾപ്പെടെ ദക്ഷിണേഷ്യയിലാകെ കനത്ത നാശംവിതച്ച ഇന്തോനേഷ്യൻ ഭൂകമ്പം, 10,000 ആറ്റം ബോംബുകളേക്കാൾ സംഹാരശേഷിയുള്ളതാണെന്നു കരുതപ്പെടുന്നു. സുമാത്രയിലെ ആച്ചേ പ്രവിശ്യയ്ക്ക് തെക്കുപടിഞ്ഞാറ് മാറി ഇന്ത്യൻ മഹാസമുദ്രത്തിൽ ഞായറാഴ്ചയുണ്ടായ ഭൂകമ്പം, ഭൂകമ്പമാപിനിയിൽ (റിക്ടർ സ്കെയിലിൽ) 8.9 ആണ് രേഖപ്പെടുത്തിയത്. സാധാരണഗതിയിൽ 8.6 രേഖപ്പെടുത്തുന്ന ഭൂകമ്പമുണ്ടാകുമ്പോൾ സ്വതന്ത്രമാക്കപ്പെടുന്ന ഊർജം, ഹിരോഷിമയെ നാമാവശേഷമാക്കിയതരത്തിലുള്ള 10,000 ആറ്റംബോംബിന് തുല്യമായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും ആഘാതശേഷിയുള്ള അഞ്ചാമത്തെ ഭൂകമ്പമാണ് ഞായറാഴ്ചയുണ്ടായതെന്ന് ബി.ബി.സി. റിപ്പോർട്ടുചെയ്തു. ഇത്ര ശക്തമായ ഭൂകമ്പം സമുദ്രത്തിലുണ്ടായതിനാലാണ് 'സുനാമി'കളെന്നറിയപ്പെടുന്ന അതിഭീമമായ തിരമാലകൾ ആയിരക്കണക്കിന് കിലോമീറ്റർ അകലെവരെ നാശം വിതയ്ക്കാൻ കാരണമായത്. ഭൂകമ്പമാപിനിയിൽ 8.1 രേഖപ്പെടുത്തിയ ഭൂകമ്പം കഴിഞ്ഞ വ്യാഴാഴ്ച രാത്രി ഓസ്ട്രേലിയയ്ക്കും അൻറാർട്ടിക്കയ്ക്കുമിടയിൽ അനുഭവപ്പെട്ടിരുന്നു. ജനവാസമില്ലാത്ത സ്ഥലത്താണതുണ്ടായത്. അതിനാൽ കാര്യമായ നാശനഷ്ടമുണ്ടായില്ല. അന്ന് ശക്തമായ സുനാമികളുണ്ടാകുമെന്ന ഭീതിയുയർന്നിരുന്നെങ്കിലും ഒന്നും സംഭവിച്ചില്ല.

ഭൂകമ്പങ്ങളുടെ ആഘാതശേഷി നിശ്ചയിക്കാനുള്ള റിക്ടർ സ്കെയിൽ 1930-കളുടെ രണ്ടാംപകുതിയിലാണ് നിലവിൽ വരുന്നത്. കാലിഫോർണിയയിലെ 'കാൽടെക്കി'ലെ ഗവേഷകരായിരുന്ന ചാൾസ് റിക്ടറും ബെനോ ഗുട്ടൻബർഗും ചേർന്നാണ് ഈ സ്കെയിൽ വിഭാവനം ചെയ്തതെങ്കിലും റിക്ടറിന്റെ പേരിലാണ് ഇത് പ്രശസ്തിയാർജിച്ചത്. സാധാരണഗതിയിൽ റിക്ടർ സ്കെയിലിൽ 7.3 രേഖപ്പെടുത്തുന്ന ഭൂകമ്പം 6.3 രേഖപ്പെടുത്തുന്ന ഭൂകമ്പത്തേക്കാൾ 50 മടങ്ങ് ശക്തമായിരിക്കും; എന്നാൽ, 5.3 രേഖപ്പെടുത്തുന്നതിനേക്കാൾ 2500 മടങ്ങ് സംഹാരശേഷിയുള്ളതായിരിക്കും 7.3 ശേഷിയുള്ള ഭൂകമ്പം.

റിക്ടർ സ്കെയിൽ നിലവിൽവന്നശേഷം അനുഭവപ്പെട്ട ഏറ്റവും ശക്തമായ ഭൂകമ്പം 1960-ൽ ചിലിയുടെ തീരത്തുനിന്ന് മാറി ശാന്തസമുദ്രത്തിലാണുണ്ടായത്; അതിന്റെ ആഘാതശേഷി 9.5 ആയിരുന്നു. രേഖപ്പെടുത്തിയതിൽ ഏറ്റവും വിനാശകാരിയെന്നു കരുതപ്പെടുന്ന ഭൂകമ്പം 1755 നവംബർ ഒന്നിന് പോർച്ചുഗലിലെ ലിസ്ബണിലാണുണ്ടായത്. റിക്ടർ സ്കെയിലിൽ ഒമ്പത് രേഖപ്പെടുത്തിയ ആ ഭൂകമ്പം, ഒരേ തീവ്രതയിൽ ഏഴുമിനിറ്റ് നീണ്ടുനിന്നു. ലിസ്ബൺ തുറമുഖത്തുനിന്ന് 15 മീറ്റർ ഉയരത്തിൽ തിരമാലകൾ കരയിലേക്കുകയറി. 60,000 പേരാണ് അവിടെ മരിച്ചത്. ഒറ്റക്കെട്ടിടംപോലും ആ പരിസരത്തെങ്ങും അവശേഷിച്ചില്ല.

ഞായറാഴ്ച ഭൂകമ്പമുണ്ടായ ഇന്തോനേഷ്യൻ പ്രദേശം, ഭൂകമ്പങ്ങളുടെ കാര്യത്തിലും അഗ്നിപർവതസ്ഫോടനങ്ങളുടെ കാര്യത്തിലും ലോകത്തേറ്റവും സജീവമായ മേഖലയാണ്. കാരണം, ഭൂപ്രതലപാളിയിലെ മൂന്ന് ടെക്ടോണിക് പ്ലേറ്റുകളുടെ സംഗമസ്ഥാനമാണ് ഇന്തോനേഷ്യയുൾപ്പെടുന്ന പ്രദേശം.




ചെന്നൈയിൽ ദുരന്തമുഖത്ത് രക്ഷാപ്രവർത്തനം

## ദുരന്തം ഇറാൻ ഭൂകമ്പത്തിന്റെ ഒന്നാം വാർഷികത്തിൽ



ചെന്നൈയിൽ ദുരന്തത്തിൽ മരിച്ച സ്ത്രീയുടെ മൃതദേഹം പോലീസ് ചുമന്നുകൊണ്ടുവരുന്നു

ചരിത്രമുറങ്ങുന്ന ബാം നഗരത്തെയും പതിനായിരക്കണക്കിന് മനുഷ്യജീവനുകളെയും തകർത്തെറിഞ്ഞ ഇറാനിലെ ഭൂചലനത്തിന്റെ ഒന്നാം വാർഷികദിനത്തിലാണ് ലോകത്തെ നടുക്കി ദക്ഷിണേഷ്യയിൽ പ്രകൃതി പ്രകമ്പനങ്ങൾ സൃഷ്ടിച്ചത്. 2003 ഡിസംബർ 26ന് ഇറാനിലെ പുരാതന നഗരമായ ബാമിൽ ഉണ്ടായ ഭൂകമ്പത്തിൽ 43000 പേരാണ് മരണത്തിനിരയായത്. നഗരത്തിന്റെ മുക്കാൽഭാഗവും മണ്ണിനടിയിലായി. 75000 ത്തിലേറെപ്പേർ ഭവനരഹിതരായി. ഇൻഡോനേഷ്യയിലെ സുമാത്രയിൽ ഞായറാഴ്ച ഭൂകമ്പമുണ്ടായപ്പോൾ ഒരുവർഷം മുമ്പ് ബാമിൽ ഉണ്ടായ വിനാശകാരിയായ പ്രകൃതിദുരന്തത്തിന്റെ നടുക്കുന്ന ഓർമകളിലായിരുന്നു ലോകം. ബാമിലെ ദുരന്തത്തിൽപെട്ടവരെ സ്മരിക്കുന്ന വേളയിൽ ലോകം കേട്ടത് മറ്റൊരു ദുരന്തവാർത്ത. ഭൂകമ്പ മാപിനിയിൽ 6.7 രേഖപ്പെടുത്തിയ ബാം ഭൂചലനം സൃഷ്ടിച്ച നടുക്കം അവിടെ അവശേഷിക്കുന്ന പതിനായിരങ്ങളെ ഇപ്പോഴും മാനസിക വിഭ്രാന്തിക്കടിപ്പെടുത്തുകയാണെന്ന് റെഡ്ക്രോസ് സംഘടന സാക്ഷ്യപ്പെടുത്തുന്നു. 3000 വർഷം പഴക്കമുള്ള ബാം നഗരം പാടെ നശിപ്പിച്ച ഭൂകമ്പത്തിന്റെ പ്രകമ്പനങ്ങൾ ഇന്ന് അവിടുത്തുകാരും മനസ്സിനെ പിടിച്ചുലയ്ക്കുകയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ബാമിലെ ഒരു റെഡ്ക്രസന്റ് കൗൺസലിങ് കേന്ദ്രത്തിൽ മാത്രം ദിവസം 129 ലേറെപ്പേർ മാനസിക സമ്മർദത്തിന് പരിഹാരം തേടി എത്തുന്നു. റെഡ്ക്രോസ് ഇതിനോടകം ഇരുപതിനായിരത്തിലേറെപ്പേർക്ക് കൗൺസലിങ് നൽകിക്കഴിഞ്ഞു. 4000 വീടുകളിൽ സന്ദർശനം നടത്തിയ റെഡ്ക്രോസ് പ്രവർത്തകർ 9300-ലേറെപ്പേർക്ക് മാനസിക ചികിത്സ നൽകേണ്ടതുണ്ടെന്ന് കണ്ടെത്തി.

ഒരു ദുരന്തം അതു കാണിക്കുമ്പോഴുണ്ടാകുന്ന പെട്ടന്നുള്ള നാശത്തെക്കാൾ, തലമുറകളിലേക്ക് അതിന്റെ അലകൾ വ്യാപിക്കുന്നതായി ബാം ദുരന്തം സാക്ഷ്യപ്പെടുത്തുന്നു. ബാം ദുരന്തത്തിന്റെ ഒന്നാം വാർഷികദിനത്തിൽ അടുത്ത താക്കീതുമായി പ്രകൃതി വീണ്ടും ആഞ്ഞടിക്കുമ്പോൾ നിസ്സഹായതയിലേക്ക് മനുഷ്യർ പകച്ചു നിൽക്കുന്നു.



ചെന്നൈയിലെ മറീന ബീച്ചിലെ കടൽക്ഷോഭത്തിന്റെ ദൃശ്യം




കടൽക്ഷോഭത്തെത്തുടർന്ന് തായ്‌ലൻഡിലെ പടോങ് കടൽത്തീരത്തെ അമ്യൂസ്മെന്റ് പാർക്കിൽ ഇടിച്ചുകയറിയ വാഹനങ്ങൾ -എ.പി.



ദുരന്തത്തിൽ തകർന്ന കൊളംബോയിലെ ഒരു കടലോരം